## 1004

മരണമേ വിഷമെങ്ങു? നിന്റെ വിജയവുമെവിടെ? എന്നേശു
മരണത്തെ ജയിച്ചു തനിക്കു സ്തുതി ഹല്ലേലുയ്യാ!

1 തൻക്രൂശിൽ ഞാനും ഹാ! മരിച്ചു-നിത്യമാം
ജീവൻ കൈവരിച്ചു-തന്നിൽ ഞാൻ സർവ്വവും ലയിച്ചു ഹല്ലേലുയ്യാ-

2 എൻ ജീവൻ ക്രിസ്തുവിൽ ഭദ്രം -മനമേ
പാടുക സ്തോത്രം-എന്നഭയം തൻകൃപമാത്രം ഹല്ലേലുയ്യാ-

3 പ്രത്യാശയറ്റവരെപ്പോൽ അല്ല നാം
ക്രിസ്തുവിൽ മരിപ്പോർ ഉയിർക്കും താൻ വരുമപ്പോൾ ഹല്ലേലുയ്യാ-

4 സ്വർലോക കാഹളം ധ്വനിക്കും- മരിച്ചോ
രക്ഷണമുയിർക്കും തൻതേജ-സ്സക്ഷയം ധരിക്കും ഹല്ലേലുയ്യാ-

6 എൻ ദേഹം മണ്മയമെന്നാൽ ഇനിയും
താൻ വരുമന്നാൾ-വിളങ്ങും തേജസ്സിൽ നന്നായ് ഹല്ലേലുയ്യാ-

**M.E.C.**